**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**30 MARCH 2018**
**(11 RAJAB 1439 AH)**

# “FINANCIAL SACRIFICE (PART 1)”.
# സാമ്പത്തിക ത്യാഗം ഭാഗം (1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **സാമ്പത്തിക ത്യാഗം ഭാഗം (1)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ മാർഗ്ഗത്തിലെ സാമ്പത്തിക ത്യാഗം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുവനാണ് ഞാനുദ്ദേശിക്കുന്നത്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം വിവിധ രാജ്യങ്ങളിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, വളരെയധികം അംഗങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നില്ല എന്നത് വളരെ വളരെ ദുഃഖകരം തന്നെ. ഈ രംഗത്ത് ഒരു പുരോഗതിയും കാണുന്നില്ല. അല്ലാഹുവിന്റെ വഴിയിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ വളരെ കുറച്ച് അംഗങ്ങൾ മാത്രമാണ് സാമ്പത്തികമായി ചെലവഴിക്കുന്നത്.

ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായെ അംഗീകരിക്കുകയും സ്വീകരിക്കുകയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്തെങ്കിൽ പോലും സാമ്പത്തിക ത്യാഗത്തിൽ യഥാർത്ഥമായി

പ്രയത്നം നടത്തിയിട്ടില്ല എന്നത് ഖേദകരം തന്നെ. ഈ സാഹചര്യം നിലനില്ക്കെ ഇതു സംബന്ധമായി വെളിച്ചം പകരുവാൻ ഉദ്ദേശിക്കു കയാണ് ഇന്നത്തെ ഖുത്തുബയിലൂടെ !

നാം മനസ്സിലാക്കേണ്ട ഒരു കാര്യം അല്ലാഹു (ത) എല്ലാ കാര്യ ത്തിലും സ്വതന്ത്രനാണ്. അവന് ആരെയും ആശ്രയിക്കേണ്ടതില്ല. മറിച്ച് നാമാണ് അവനെ എല്ലാ കാര്യത്തിനും ആശ്രയിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നാമാണ് അവനെ എല്ലാ കാര്യത്തിലും ആശ്രിയിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആയി രക്കണക്കിന് വഴികൾ അവൻ തുറന്നിട്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ, ദൈവമാർഗത്തിൽ ചെലവഴിക്കേണ്ടതായ ആവശ്യവും വിലയും അനേകം ഇടങ്ങളിൽ, ആവർത്തിച്ച് പറയപ്പെട്ടിരിക്കുന്നു. ജനങ്ങൾ പ്രസ്തുത കാര്യങ്ങൾ ചെയ്യുന്നതിലൂടെ അവർ ശുദ്ധീകരിക്കപ്പെടുകയും പരിശുദ്ധരാക്കപ്പെടുകയും ചെയ്യുന്നു. ഒരു ദൈവഭക്തൻ സ്വാതികത യിലൂടെ മുന്നേറുവാൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് ഒരു കാരണമായി തീരുന്നു. അങ്ങനെ അവൻ സംസ്ക്കരിക്കപ്പെടുക യും, മോശമായ അനേകം വഴികളിൽ നിന്നും അവൻ രക്ഷപ്പെടുകയും ചെയ്യുന്നു. അത്തരം മോശമായ വഴികൾ ഒരിക്കലും അവനെ മോക്ഷ ത്തിൽ കൊണ്ടെത്തിക്കുന്നില്ല.

സാമ്പത്തിക ത്യാഗത്തിന്റെ തത്വചിന്ത വിശദീകരിക്കുവാൻ ഞാൻ ഉദ്ദേശിക്കുകയാണ്. വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ (ധനം) ചെലവഴിക്കുവിൻ. സ്വന്തം കൈകൾകൊണ്ട് നിങ്ങൾ (നിങ്ങളെതന്നെ) നാശത്തിലേക്കെറിയരുത്. (അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിൽ നിന്നും പിന്മാറി)

നന്മ ചെയ്യുവിൻ നന്മ ചെയ്യുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ട പ്പെടുന്നു (2 : 196)

ഇത് നിങ്ങളുടെ പ്രയോജനത്തിനു വേണ്ടിയാണ് അല്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവരായി തീരും. ഈ കാര്യത്തിൽ എനിക്ക് വളരെ യധികം അനുഭവജ്ഞാനമുണ്ട്. ഈ കാര്യത്തിൽ നിരീക്ഷണം നട ത്തുന്നില്ലെങ്കിൽ, വ്യക്തികൾക്ക് വളരെയധികം നഷ്ടങ്ങൾ പല രീതി യിലും സംഭവിക്കുന്നതാണ്. സക്കാത്ത് നല്കുന്നതിനെ ഖുർആൻ ധന ത്യാഗവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു..

വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച്, ഒരു രാജ്യത്തിന്റെ ജന തയുടെ സാമ്പത്തിക പുരോഗതി കുടികൊള്ളുന്നത്, അവർ ദൈവ മാർഗത്തിൽ നല്കുന്ന സംഭവാനയെ ആശ്രയിച്ചാണ് ! അവരുടെ അവസ്ഥ എപ്പോഴും പുരോഗമിച്ചു കൊണ്ടിരിക്കും. നമ്മുടെ സമുദായം (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) പുരോഗതി നേടേണ്ടതുണ്ട്. അത് മറ്റു രാജ്യങ്ങളിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. അവിടെ കടുത്ത ദാരി ദ്രത്തെ അവർ നേരിടുകയാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ സഹായിക്കുവാനും, പാവപ്പെട്ട രാജ്യങ്ങളിൽ സഹായഹസ്തം നീട്ടുവാനും ഞാൻ നിങ്ങളോട് പല പ്രാവശ്യം അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ഓരോരുത്തർക്കും അവരവരാൽ കഴിയുന്നത് അല്ലാഹു (ത) ഒരാളോടും അവർക്ക് ഭാരമുണ്ടാക്കുന്നതോ കഴിയാത്തതോ ചെയ്യുവാൻ കല്പിക്കുന്നില്ല) ഈ പാവപ്പെട്ട രാജ്യ ങ്ങളിലെ സാമ്പത്തിക സ്ഥിതിക്ക് മാറ്റം വരുത്തുവാൻ അല്ലാഹു കഴി വുറ്റവനാകുന്നു. സുരക്ഷിതമായി അവിടത്തെ കാര്യങ്ങൾ നടപ്പിലാ ക്കുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ മറ്റിതര ലോകരാജ്യങ്ങ ളിലും !

വിശുദ്ധഖുർആൻ, അതിന്റെ ബൗദ്ധികതയുടെ കരുത്തിൽ, അത് നമ്മെ പഠിപ്പിക്കുന്നു. അവന്റെ മാർഗത്തിൽ ധനത്യാഗം ചെയ്യുന്നവർക്ക് അവരുടെ ധനത്തിൽ വമ്പിച്ച വർദ്ധനവു നല്കുന്നതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ കാലത്ത് മുസ്ലിംകൾ കടുത്ത ദാരിദ്ര്യ ത്തിലാണ് ജീവിച്ചിരുന്നത്. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യമാർ പോലും വിശപ്പ് മൂലം വളരെ വിഷമിച്ചിട്ടുണ്ട്. അവരോ മക്കയിലെ ആദരണീയ കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. മുസ്ലിംകളിൽ വളരെ കുറച്ചു പേർക്കുമാത്രമെ സമ്പത്തുണ്ടായിരുന്നുള്ളു. യഥാർത്ഥ പണക്കാർ പ്രവാചകൻ (സ) മാർ കൊണ്ടുവന്ന ദൈവീക സന്ദേശത്തെ സ്വീകരിക്കുകയും പിന്തുടരുകയും ചെയ്തവരാണ്.

മക്കയിൽ നിന്നും മദീനയിലേക്ക് കുടിയേറി പാർത്തതിനു ശേഷവും അവർ ഏതാണ്ട് അതേ അവസ്ഥയിലായിരുന്നു. അവർ വളരെ പ്രയാസത്തോടെയാണ് കഴിഞ്ഞു കൂടിയിരുന്നത്. പിന്നീട്, കുറെ വർഷങ്ങൾക്കു ശേഷം, അല്ലാഹു (ത) അവരുടെ ഭവനങ്ങളെ ധനം കൊണ്ട് നിറച്ചു. ചരിത്രത്തിൽ ഇത്തരം മഹത്തായ മാറ്റം, മറ്റെങ്ങും കണ്ടെത്താവതല്ല. പള്ളികൾ സ്വർണ്ണം കൊണ്ട് അലങ്കരിക്കുന്നത് ഇസ്ലാമിക അധ്യാപനമല്ല. മുസ്ലിം ഭരണാധികാരികൾക്ക് ഭരണകൂടത്തിന് ധാരാളം ധനം തങ്ങളുടെ അധീനതയിൽ വന്നപ്പോൾ സാധുക്കൾക്ക് കൊടുത്തു കഴിഞ്ഞശേഷവും ധനം കുന്നുകൂടിയപ്പോൾ, അതുകൊണ്ട് എന്തു ചെയ്യണമെന്നറിയാതെ വന്നപ്പോൾ, സർവ്വകലാശാലകളും മറ്റും നിർമ്മിക്കുകയും, സമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള പലവഴികൾ തേടുകയും ചെയ്തു. എല്ലാ ധനവും അല്ലാഹുവിന്റെ

കൈകളിലാണ്, അവൻ സ്വയം പര്യാപത്നുമാകുന്നു ആശ്രയിക്കുന്ന വർ നാം മാത്രമാണ്.

ഇസ്ലാമിന്റെ ആദ്യ കാലങ്ങളിൽ അറേബ്യയിൽ വളരെ കുറച്ച് പണക്കാരേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു തന്നെ ഭൂരിഭാഗം ആളുകളുടെയും സാമ്പത്തിക ത്യാഗം തുലോം തുഛമായിരുന്നു. പിന്നീട് അവർക്ക് അല്ലാഹു വളരെയധികം ധനം നല്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും കൂടുതൽ ധനമുള്ള പട്ടണമായി ഇറാക്കിലെ ബാഗ്ദാദ് മാറി ! ഇത് ഞാനൊരു ഉദാഹരണമായി ചൂണ്ടികാണിച്ചതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗങ്ങൾ വരിച്ചാൽ, അതിനെ തുടർന്ന് ഐശ്വര്യവും വിജയവും ഉണ്ടാകുന്നതാണ്. ദൈവമാർഗത്തിൽ ധനം ചെലവഴിക്കുവാൻ മതരാഷ്ട്രങ്ങൾ പരാജയപ്പെട്ടാൽ അപ്പോൾ അവരെ ദാരിദ്ര്യം കൊണ്ട് ശിക്ഷിക്കുന്നതാണ്. ഈ കാര്യത്തിൽ അവർ മുൻനിരയിൽ നിന്നാൽ (ദൈവമാർഗത്തിൽ ഔദാര്യപൂർവ്വം ചെലവഴിച്ചാൽ) അപ്പോൾ അല്ലാഹു അവരുടെ മേൽ ധനവും ഐശ്വര്യവും ചൊരിയുന്നതാണ്. ഉദിഷ്ടഫലത്തെ പ്രദാനം ചെയ്യുന്ന ഈ രഹസ്യം നാം നല്ലതുപോല മനസ്സിലാക്കേണ്ടതുണ്ട് . ദേശീയ ധനത്തെ പടുത്തുയർത്തുന്നതിന് നാമിത് പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതാണ്.

വിശുദ്ധഖുർ ആൻ നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ ഒരാൾക്ക് ഒരു നന്മ ചെയ്യുമ്പോൾ അത് തിരിച്ചു കിട്ടുന്നതിനു വേണ്ടി ചെയ്യരുത്. നമ്മുടെ ത്യാഗം ദൈവത്തോടാണ് അതൊരു നിസാര സംഭാവനയാടെങ്കിൽ പോലും അവനത് സ്വീകരിക്കുകയാണണെങ്കിൽ അത് നമ്മുടെ സൗഭാഗ്യവും പ്രതിഫലവുമായിരിക്കും. ദേശീയ ഉത്തരവാദിത്വങ്ങൾ ഉള്ളവരുടെ കടമയാണ്, ദേശ നന്മയ്ക്കായി ത്യാഗങ്ങൾ വരിക്കുവാൻ

ജനങ്ങളെ പ്രേരിപ്പിക്കുക എന്നത് സാമ്പത്തിക ത്യാഗം ഒരു പ്രിതിവിധിയാണ്. കഴിഞ്ഞ കാലങ്ങളിൽ അത് പരിക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. വിശിഷ്യാ വിശുദ്ധപ്രവാചകൻ (സ) യുടെ കാലത്ത് പിന്നീട് അല്ലാഹു (ത) ഈ പ്രദേശത്തെ അനുഗ്രഹിച്ചു. അവ അവൻ എണ്ണയുടെ ഉറവിടമാക്കി മാറ്റി. കോടാനുകോടി രൂപയുടെ വിലയുള്ള എണ്ണ ! മുൻകാലങ്ങളിൽ അവർ ചെയ്ത ത്യാഗങ്ങളുടെ ഫലമായാണ് ഇതെല്ലാം ലഭ്യമായത്.

അല്ലാഹു (ത) യുടെ സത്യമായ എല്ലാ മതങ്ങളുടെയും ഒരു നിയമമാണ് (അതു കഴിഞ്ഞ കാലങ്ങളിലാകട്ടെ, ഇസ്ലാമിന്റെ ആവിർഭാത്തിലാകട്ടെ) അല്ലാഹുവിന്റെ സേവനത്തിനായി, ആരുടെ ധനം ചെലവഴിച്ചിട്ടുണ്ടോ, അവർക്ക് വളരെയധികം സമ്പത്ത് ലഭ്യമായിട്ടുണ്ട്. ചില ദരിദ്ര രാഷ്ട്രങ്ങളുടെ, വളരെ ദരിദ്രമായ പ്രദേശങ്ങളിൽ, സാമ്പത്തിക ത്യാഗത്തിന്റെ മനോഭാവം നിലനില്ക്കുന്നു എന്നത് എന്നെ വളരെ അധികം സന്തോഷവാനാക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുവാനുള്ള അർത്ഥനകൾക്ക് അവർ മറുപടി നല്കുന്നു. നമ്മുടെ എല്ലാ അംഗങ്ങളും അവരുടെ കഴിവനുസരിച്ച് ചെലവഴിച്ചിരുന്നുവെങ്കിൽ, ദരിദ്രരാഷ്ട്രങ്ങളുടെ അവസ്ഥയും, നമ്മുടെ ജമാഅത്തിന്റെ അവസ്ഥയും, അവരുടെ തന്നെ അവസ്ഥയും, നല്ലതിലേക്ക് പരിവർത്തനം ചെയ്യപ്പെടുമായിരുന്നു. ഇൻശാ അല്ലാഹ് ഇവിടെയാണ് അവരുടെ എല്ലാ വിധ പ്രശ്നങ്ങളുടെയും സാമ്പത്തിക പ്രശ്നങ്ങളുടെയും പരിഹാരം കുടികൊള്ളുന്നത്. സർവ്വശക്തനായ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാൻ ജനങ്ങൾ പഠിക്കണം. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുവാനും എല്ലാ വിധ പ്രശ്നങ്ങളും പ്രയാസങ്ങളും മറികടക്കുവാനുമുള്ള പ്രതിവിധി

ഇത് തന്നെയാകുന്നു.

ഇന്ന് ഞാൻ എന്റെ പ്രസംഗം ഇവിടെ അവസാനിപ്പിക്കുകയാണ്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുവാനുള്ള തൗഫീഖിനായി ഞാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു ഇൻശാ അല്ലാഹ് !

സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യം നിങ്ങൾക്ക് നല്ലതുപോലെ ഗ്രഹിക്കുവാനുള്ള പ്രാപ്തി അല്ലാഹു (ത) നല്കി അനുഗ്രഹിക്കട്ടെ ! അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിലൂടെ നിങ്ങൾ ദരിദ്രരാവുകയില്ല എന്ന വസ്തുത നിങ്ങൾ നല്ലപോലെ ഗ്രഹിക്കണം. നിങ്ങൾ പണക്കാരനായാലും ശരി, ദരിദ്രനായാലും ശരി, അതല്ല മധ്യനിലവാരത്തിലെ ആളായാലും ശരി, മറിച്ച് നിങ്ങൾ ദൈവമാർഗത്തിൽ ചെലവഴിക്കുമ്പോൾ, നിങ്ങൾ ശക്തമായ നിങ്ങളുടെ ഒരു ജീവിത വഴിയാണ് തുറക്കുന്നത്. ആ വഴി സുരക്ഷിതത്വത്തിന്റെതാണ്, സമാധാനത്തിന്റേതാണ്, വിശ്വാസത്തിന്റേതാണ്, അല്ലാഹുവിൽ ഭരമേല്പിക്കലിന്റേതാണ്, ഒടുവിൽ നിങ്ങൾ അല്ലാഹുവിന്റെ അനുകമ്പയുടെയും ധനത്തിന്റെയും നിധി തുറക്കുകയാണ് ചെയ്യുന്നത്. അത് നിങ്ങളിൽ ചൊരിയുന്നതോ നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് !

വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നവരുടെ ഉപമ ഒരു ധാന്യമണി പോലെയാണ്. അത് ഏഴ് കതിരുകൾ മുളപ്പിച്ചു. ഓരോ കതിരിലും നൂറു വീതം ധാന്യമണികളുണ്ട്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയാക്കി കൊടുക്കുന്നു. അല്ലാഹു വിശാലതയുള്ളവനും സർവ്വജ്ഞാനുമാകുന്നു. (2 : 262)

അതുകൊണ്ട് നിങ്ങൾക്ക് കഴിയും വിധം നിങ്ങൾ അല്ലാഹു വിനെ സൂക്ഷിക്കുവിൻ, നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും, നിങ്ങൾക്ക് തന്നെ ഗുണകരമായ വിധം ധനം ചെലവഴിക്കുകയും ചെയ്യുവിൻ. ആർ സ്വന്തം മനസ്സിന്റെ ആർത്തിയിൽ നിന്ന് സുരക്ഷിത മാക്കപ്പെട്ടോ അവർ തന്നെയാണ് വിജയികൾ 64 : 17

അല്ലാഹുവിന്റെ പാതയിൽ സാമ്പത്തിക ത്യാഗങ്ങൾ അനുഷ്ഠി ക്കുവാൻ നിങ്ങളുടെ ബോധമണ്ഡലത്തെ അവൻ ഉണർത്തട്ടെ ! ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പുരോഗതിക്ക് ലോകമെങ്ങും അതി ലൂടെ വഴി തുറക്കട്ടെ, നിങ്ങളെക്കാളും പാവപ്പെട്ടവരെ കുറിച്ച് ഓർക്കു ന്നവരെയും അവൻ സഹായിക്കട്ടെ ! ആമീൻ


**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**